(ഇ) രഹസ്യവിവരം ശേഖരിച്ചും ശക്തമായ ഇൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയും ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തിപ്രദേശങ്ങളിൽ നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയും ചെക്ക്പോസ്റ്റുകളിൽ കർശനമായ വാഹന പരിശോധനകൾ നടത്തിയും അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരി വസ്തുക്കളുടെ അനധികൃത കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനധികൃത മദ്യവിൽപ്പന

131 (1872) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ചുപൂട്ടിയതിന് ശേഷം ചാരായവാറ്റ്, അനധികൃത മദ്യ വിൽപ്പന, മദ്യം കൈവശം വയ്ക്കൽ എന്നിവ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാറുകൾ അടച്ചുപൂട്ടിയതിന് ശേഷം ചാരായവാറ്റ്, അനധികൃത മദ്യവിൽപ്പന, മദ്യം കൈവശംവയ്ക്കൽ എന്നിവ സംബന്ധിച്ച് 12850 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 6006 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം

132 (1873) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly